## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.305 — 22.08.2017 -ൽ മറുപടിയ്ക്ക്

## സപ്ലൈകോ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ വാഹനങ്ങളിൽ സപ്ലൈകോ ഉല്പന്നങ്ങളും അരിയും എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് പ്രവർത്തിക്കുന്നത്. സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത 14 പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിൽ സേവനം നടത്തുന്നുണ്ട്. |
| (ബി) ഓണക്കാലത്ത് വില വർദ്ധനവ് തടയാനായി സപ്ലൈകോ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ജില്ലാ ഫെയറുകളും, താലൂക്ക് തല ഫെയറുകളും, പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും, വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>സ്പെഷ്യൽ ഫെയറുകളിലൂടെയും, വിൽപ്പനശാലകളിലൂടെയും, ശരാശരി 40% വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങളും പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ 28 ഇനം ഫ്രീസെയിൽ സബ്സിഡി സാധനങ്ങളും ലഭ്യമാക്കുന്നതാണ്. സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, |

വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ